**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2548** **23-02-2026 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ വൈദ്യുത വാഹന ചാർജിങ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി നിയോജകമണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി നിലവിലുള്ള വൈദ്യുത വാഹന ചാർജിങ് സ്റ്റേഷനുകളുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>കുറ്റ്യാടി നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന 6 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ചാർജിങ് സ്റ്റേഷനുകൾ വഴി തുടർച്ചയായി വാഹന ചാർജിങ് നടക്കുന്നുണ്ടോയെന്നും ഈ ചാർജിങ് സ്റ്റേഷനുകൾ വഴി ഇതുവരെയായി സർക്കാരിന് എത്ര തുക ലഭിച്ചിട്ടുണ്ട് എന്നും അറിയിക്കാമോ; | (ബി) | **കെ.എസ്.ഇ.ബി.എൽ.**<br><br>ഈ സ്റ്റേഷനുളിൽ വാഹന ചാർജിംഗ് നടക്കാറുണ്ട്. ചില സന്ദർഭങ്ങളിൽ നെറ്റ്‌വർക്ക് ലഭ്യത കുറവ്, വൈദ്യുതി മുടക്കം, ചാർജറുകളുടെ പ്രശ്നങ്ങൾ, മുതലായ കാരണങ്ങളാൽ, ഇവയുടെ പ്രവർത്തനം തടസ്സപ്പെടാറുണ്ട്. ഇത്തരം തടസ്സങ്ങൾ ഉടനെ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ ചാർജിംഗ് സ്റ്റേഷനുകൾ വഴി ഇതുവരെ 22,344/- രൂപ ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പഞ്ചായത്തുകളിൽ സർക്കാർ/സഹകരണ/ സ്വകാര്യ മേഖലകൾ വഴി പുതുതായി വൈദ്യുതി വാഹന ചാർജിങ് സ്റ്റേഷനുകൾ അനുവദിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | **കെ.എസ്.ഇ.ബി.എൽ.**<br><br>കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടത്. ഇത് നിലവിൽ ലൈസൻസ് ആവശ്യമില്ലാത്ത പ്രവൃത്തിയാണ്. കേന്ദ്രഗവൺമെന്റ് നിഷ്കർഷിക്കുന്ന സാങ്കേതിക സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ചാർജിംഗ് സ്റ്റേഷനുകൾ ആർക്കും സ്ഥാപിക്കാവുന്നതാണ്. ഇത്തരത്തിൽ സർക്കാർ/ സ്വകാര്യ മേഖലകളിൽ സംസ്ഥാനത്ത് ധാരാളം ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു വരുന്നുണ്ട്.<br><br>കൂടാതെ കേന്ദ്രഗവൺമെന്റിന്റെ പുതിയ പദ്ധതിയായ പി എം ഇ-ഡ്രൈവ്-ൽ പ്രഖ്യാപിച്ചിട്ടുള്ള സബ്സിഡി ഉപയോഗപ്പെടുത്തി സംസ്ഥാനത്തുടനീളം സർക്കാർ/ സഹകരണ/സ്വകാര്യ മേഖലകളിൽ വൈദ്യുത |

| | | | |
|---|---|---|---|
| | | | വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**<u>അനെർട്ട്</u>**<br><br>പ്രസ്തുത പഞ്ചായത്തുകളിൽ സർക്കാർ വഴിയും, സഹകരണ മേഖല വഴിയും, സ്വകാര്യ മേഖല വഴിയും, പുതുതായി വൈദ്യുതി വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ സാധിക്കും. സർക്കാർ ഉടമസ്ഥതയുള്ള സ്ഥലങ്ങളിൽ ഇ-കാറുകൾക്കായുള്ള DC ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ PM ഇ-ഡ്രൈവ് പദ്ധതി പ്രകാരം അപേക്ഷ നൽകി സ്ഥാപിക്കാവുന്നതാണ്. PM ഇ-ഡ്രൈവ് പദ്ധതി പ്രകാരം സർക്കാർ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന പബ്ലിക് EV ചാർജിംഗ് സ്റ്റേഷനുകൾക്ക് ഇൻഫ്രാസ്ട്രക്ച്ചർ കോസ്റ്റിന്റെ 80% ഉം, ചാർജിംഗ് മെഷീൻ വിലയുടെ 70% ഉം കേന്ദ്ര സർക്കാർ സബ്സിഡി നൽകി വരുന്നു. ഇതു നടപ്പാക്കുന്നതിനുള്ള കേരളത്തിലെ നോഡൽ ഏജൻസി KSEB ആണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| List of Pole mounted Charging Station in Kuttiyadi Constituency | | |
|---|---|---|
| **SL No.** | **Location Name** | **Section** |
| 1 | Ayanchery Naolom Korol | Ayanchery |
| 2 | Ayanchery Thearuv | Ayanchery |
| 3 | Theekuni | Ayanchery |
| 4 | Aroor | Ayanchery |
| 5 | Cherapuram | Ayanchery |
| 6 | Kakkad Town | Kakkattil |